**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2524</u>** **<u>13-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഐ.എൽ.ജി.എം.എസ്. പോർട്ടൽ വേഗതക്കുറവ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമ പഞ്ചായത്തുകളിൽ ഫയൽ പ്രോസസിംഗിന് ഉപയോഗിക്കുന്ന ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) പോർട്ടലിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും വേഗത കുറയുന്നത് മൂലം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ക്ലൌഡ് സേവനങ്ങൾ ലഭ്യമാക്കിയും നിരീക്ഷണ സംവിധാനവും, സാങ്കേതിക വിദഗ്ധരേയും ഏർപ്പെടുത്തിയും യഥാ സമയം പരിഹരിച്ച് വരുന്നു. |
| (ബി) | ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ക്ലൌഡ് സേവനങ്ങൾ ലഭ്യമാക്കിയും നിരീക്ഷണ സംവിധാനവും, സാങ്കേതിക വിദഗ്ധരേയും ഏർപ്പെടുത്തിയും യഥാ സമയം പരിഹരിച്ച് വരുന്നു. |
| (സി) | അവധി ദിവസങ്ങളിൽ ക്ലൗഡ് സ്റ്റോറേജ് നൽകുന്ന സ്ഥാപനത്തിന് നൽകുന്ന ഫീസിനത്തിൽ പണം ലാഭിക്കുന്നതിനായി ബാന്റ് വിട്ത്ത് കുറക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (സി) | ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ക്ലൌഡ് അധിഷ്ഠിത ഹൈബ്രിഡ് രീതിയിലാണ് ഉപയോഗിക്കുന്നത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ ക്ലൌഡിലും, അതുമായി ബന്ധപ്പെട്ട മറ്റു സോഫ്റ്റ്‌വെയറുകൾ ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള കേരള സർക്കാർ ഡാറ്റാ സെന്ററിലും ആണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. കൂടാതെ ഐ.എൽ.ജി.എം.എസ്സുമായി സംയോജിപ്പിച്ച Payment Gateway, Aadhaar, മറ്റു വകുപ്പുകളുടെ സേവനങ്ങൾ തുടങ്ങിയ മറ്റു സേവനങ്ങൾ ആ സേവന ദാതാക്കളുടെ സെർവറുകളിലും ആണ് പ്രവർത്തിക്കുന്നത്. 941 ഗ്രാമ പഞ്ചായത്തുകൾ അവരുടെ ദൈനംദിന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള 200 ൽ പരം സേവനങ്ങളും നൽകുന്നതിനും ഐ.എൽ.ജി.എം.എസ്. പോർട്ടലാണ് ഉപയോഗിക്കുന്നത്. ഉപയോഗത്തിനനുസരിച്ച് ക്ലൌഡ് ഇൻഫ്രാ സ്ട്രക്ചർ auto scale up and scale down ആകുന്നതാണ്. ക്ലൌഡ് ദാതാവിന് ഉപയോഗത്തിന് അനുസരിച്ച് മാത്രം പണം നൽകിയാൽ മതിയാകും. കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഓഫീസ് സമയങ്ങളിൽ scale up ആവുകയും അവധി ദിവസങ്ങളിലും ഓഫീസ് |

| | | | |
|---|---|---|---|
| | | | സമയം കഴിഞ്ഞുള്ള സമയത്തും scale down ആവുകയും ചെയ്യുന്നതാണ്. ഇത് ക്ലൗഡ് സേവനങ്ങളുടെ വേഗതയെ ബാധിക്കുന്നതല്ല. |
| (ഡി) | ഐ.എൽ.ജി.എം.എസ്. പോർട്ടൽ സ്ഥാപിത വേഗതയിൽ മുഴുവൻ സമയവും പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ക്ലൌഡ് അധിഷ്ഠിത ഹൈബ്രിഡ് രീതിയിലാണ് ഉപയോഗിക്കുന്നത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ ക്ലൌഡിലും, അതുമായി ബന്ധപ്പെട്ട മറ്റു സോഫ്റ്റ്‌വെയറുകൾ ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള കേരള സർക്കാർ ഡാറ്റാ സെന്ററിലും ആണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. കൂടാതെ ഐ.എൽ.ജി.എം.എസ്സുമായി സംയോജിപ്പിച്ച Payment Gateway, Aadhaar, മറ്റു വകുപ്പുകളുടെ സേവനങ്ങൾ തുടങ്ങിയ മറ്റു സേവനങ്ങൾ ആ സേവന ദാതാക്കളുടെ സെർവറുകളിലും ആണ് പ്രവർത്തിക്കുന്നത്. 941 ഗ്രാമ പഞ്ചായത്തുകൾ അവരുടെ ദൈനംദിന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള 200 ൽ പരം സേവനങ്ങളും നൽകുന്നതിനും ഐ.എൽ.ജി.എം.എസ്. പോർട്ടലാണ് ഉപയോഗിക്കുന്നത്. ഉപയോഗത്തിനനുസരിച്ച് ക്ലൌഡ് ഇൻഫ്രാ സ്ട്രക്ചർ auto scale up and scale down ആകുന്നതാണ്. ക്ലൌഡ് ദാതാവിന് ഉപയോഗത്തിന് അനുസരിച്ച് മാത്രം പണം നൽകിയാൽ മതിയാകും. കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഓഫീസ് സമയങ്ങളിൽ scale up ആവുകയും അവധി ദിവസങ്ങളിലും ഓഫീസ് സമയം കഴിഞ്ഞുള്ള സമയത്തും scale down ആവുകയും ചെയ്യുന്നതാണ്. ഇത് ക്ലൗഡ് സേവനങ്ങളുടെ വേഗതയെ ബാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ